

# അയനം

little KITEs

**PUBLISHED BY**
**LITTLE KITES UNIT**
**G.H.S.S,PULIYOOR**

## ഉള്ളടക്കം

1.OUR SCHOOL 2
2.ആമുഖം 3
3.പാട്ട് 4
4.കുഞ്ഞിപ്പൂച്ച 5
5.കോഴിയമ്മയും കുഞ്ഞുങ്ങളും 6
6.പക്ഷി 7
7.കാളകൾ 8
8.പ്രിയസഖികൾ 10
9.ഓണാഘോഷം 11
10.ഡിജിറ്റൽ അത്തപ്പൂക്കളം 13
11.ലഹരി തകർത്ത ജീവിതം 14
12.എന്റെ ഭൂമി എനിക്കു തിരികെ തരൂ 16
13.കാത്തിരിപ്പിന്റെ ദിനങ്ങൾ 17
14.മലയാള സാഹിത്യകാരന്മാരും
യഥാർത്ഥ നാമങ്ങളും 21
15.ലില്ലി 22
16.MY GRANDMOTHER’S HOUSE 24
17.A PRAYER IN SPRING 25
18.ON KILLING A TREE 26
19.നിലവിളിയുടെ നിർവ്വചനങ്ങൾ 28
20.എന്റെ മണ്ണ് 30
21.ഓർമകൾ 31

# OUR SCHOOL




# ആമുഖം

പ്രിയപ്പെട്ട വിദ്യാർത്ഥികളെ, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി 2019-20 ൽ വിവരസാങ്കേതികവിദ്യയിൽ കുട്ടികളെ പരിചയപ്പെടുത്തുന്നതിനും പരിശീലനം നൽകുന്നതിനും ആരംഭിച്ച ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് നമ്മുടെ സ്കൂളിലും സ്ഥാപിതമായതിന്റെ സന്തോഷം നിങ്ങളേവരേയുംഅറിയിക്കുന്നു.

ഇതിനോടനുബന്ധിച്ച നമ്മുടെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ,ഈ സ്കൂളിലെ മറ്റു കുട്ടികളുടേയും കൂടി സഹായത്തോടെ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കിയതിലും അതീവ സന്തോഷം അറിയിക്കുന്നു.വളരെ ശ്രമകരമായ ജോലി താല്പര്യപൂർവ്വവും സന്തോഷത്തോടുകൂടിയും ഏറ്റെടുത്തുപൂർത്തീകരിച്ചത് വളരെ അഭിമാനകരമാണ്.ഇതിന്റെ പിന്നിൽ പ്രവർത്തിച്ച ഓരോ ലിറ്റിൽ കൈറ്റ്സ് അംഗത്തെയും,മറ്റു കുട്ടികളെയും,നേതൃത്വം നൽകിയ അദ്ധ്യാപകരേയും പ്രത്യേകം അഭിനന്ദിക്കുന്നു.അതുപോലെ മാഗസിനുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച എല്ലാ വിദ്യാർത്ഥികൾക്കും,അദ്ധ്യാപകർക്കും കൂടുതൽ നല്ല പ്രവർത്തനങ്ങൾ കാഴ്ച വെയ്ക്കാൻ സാധിക്കട്ടെയെന്നു പ്രാർത്ഥിക്കുന്നു.

എന്ന്സ്നേഹപൂർവ്വം



പുഷ്പകുമാരി എസ്

# പാട്ട്




പാടാൻ കൊതിച്ചൊരു ....
അതിൽ പാടാൻ പൂത്തൊരു പൂവ്
ആ പൂവിൽ വിടരും മധുവായി ഞാൻ
പാടും പാട്ടൊന്നു കേൾക്ക്
ആ പാട്ടിൻ ഈണവുമായി ...
ഒരു കുഞ്ഞി തേങ്ങൽ വന്നു
ആ കുഞ്ഞിൻ തേങ്ങലിനുള്ളിൽ അമ്മതൻ
വാൽസല്യ ഗീതം.... ഒരമ്മതൻ വാൽസല്യ ഗീതം
പാടാൻ കൊതിച്ചൊരു ....
അതിൽ പാടാൻ പൂത്തൊരു പൂവ്....

-ആദർശ വിനോദ്

# കുഞ്ഞിപ്പൂച്ച



*വെളുത്ത പഞ്ഞിക്കെട്ടാണെ*
*നീല കുഞ്ഞി കണ്ണുകളാ....*
*വെളുത്ത കുഞ്ഞിമീശകളും*
*ചുവന്ന കുഞ്ഞി ചുണ്ടുകളും*
*വാലും കാണാൻ രസമാണെ*

*അവനിഷ്ടം പാലാണേ....*
*അവൻ എനിക്കൊരു കൂട്ടാണെ*

-ജയലക്ഷ്മി കെ.എസ്

# കോഴിയമ്മയും കുഞ്ഞുങ്ങളും

ഒരിടത്ത് ഒരിടത്ത് ഒരു കോഴിയമ്മയുണ്ടായിരുന്നു. അവൾ എന്നും മുട്ടയിടുമായിരുന്നു.അങ്ങനെ അവൾ എട്ട് മുട്ടകൾ ഇട്ടു അടയിരുന്നു.കുറച്ച് ദിവസം കഴിഞ്ഞപ്പോൾ മുട്ടകൾ വിരിഞ്ഞു പക്ഷെ അതിൽ ഏഴ് മുട്ടകളെ വിരിഞ്ഞുള്ളൂ.ഒരു മുട്ട വിരിയാൻ ഉണ്ടായിരുന്നു.കോഴിയമ്മ കുറെനേരം ആ മുട്ട വിരിയാൻ കാത്തിരിന്നു അന്നിട്ടും അത് വിരിഞ്ഞില്ല. അവൾ അവളുടെ ഏഴ് കുഞ്ഞുങ്ങളെ കൊണ്ട് തീറ്റ തേടി പോയി. കുറച്ചുനേരം കഴിഞ്ഞപ്പോൾ ആ മുട്ട വിരിഞ്ഞു ആകുഞ്ഞി കോഴി അതിൻെറ അമ്മയെ തിരക്കി ഇറങ്ങി ആദ്യം അത് ആടിൻെറ അടുത്ത് ചേന്നു അന്നിട്ട് ചോദിച്ചു നീയാണോ എൻെറ അമ്മ? അല്ല എന്നു പറഞ്ഞു. പിന്നെ അവൾ പശുൻെറ അടുക്കൽചേന്നു നീയാണോ എൻെറ അമ്മ? അല്ല എന്നു പറഞ്ഞു. പിന്നെ അവൾ താറാവിൻെറ അടുക്കൽചേന്നു എൻെറ അമ്മയാണോ നീ എന്ന് ചോദിച്ചു അല്ല എന്നു പറഞ്ഞു. പിന്നെ ആ പാവം കുഞ്ഞികോഴി വിശന്ന് വലഞ്ഞ് ഒടുവിൽ കണ്ടു പിടിച്ച് ചോദിച്ചു എൻെറ അമ്മയാണോ എന്ന് . ആണ് എന്ന് പറഞ്ഞു. കുഞ്ഞി കോഴിക്ക് സന്തോഷമായി.

അഞ്ജലി

# പക്ഷി



ഒറ്റയ്ക്ക പൂത്തൊരു വാകമരത്തിന്റെ
കൊമ്പത്തു നിൽപ്പതാ കുഞ്ഞിപ്പക്ഷി
കൊമ്പത്തു നിന്നു കരയുന്നു തേങ്ങുന്നു
മിഴിനീർ വറ്റിക്കുന്നുവോ
എന്തിനെന്നറിയാതെ കരയുന്ന
പക്ഷിതൻ
തേങ്ങലെൻ കാതിൽ മുഴങ്ങി നിൽപ്പൂ...
ആ തേങ്ങലെൻ കാതിൽ മുഴങ്ങി നിൽപ്പൂ....

-ആദർശ വിനോദ്

# കാളകൾ

തോളത്തു ഘനം തൂങ്ങും വണ്ടിതൻ തണ്ടും പേറി ക്കാളകൾ മന്ദം മന്ദമിഴഞ്ഞു നീങ്ങീടുമ്പോൾ മറ്റൊരു വണ്ടിക്കാള മാനുഷാകാരം

പൂണ്ടിട്ടറ്റത്തു വണ്ടിക്കയ്യിലിരിപ്പൂ കൂനിക്കൂടി.

തോളുകൾ കൂനിഞ്ഞിട്ടുണ്ടവന്നും,സ്വജീവിതനാളുകൾ

തൽകണ്ഠത്തിലേറ്റിയ നുകം പേറി.

കാലുകൾ തേഞ്ഞിട്ടുണ്ടിന്നവന്നും  നെടുനാളക്കാലത്തിൻ കരാളമാം

പാതകൾ താണ്ടിത്താണ്ടി.ദുർവിധി കുടിച്ചെന്നും മിഴിനീർ വറ്റിക്കയാൽ നിർവികാരങ്ങളാണാക്കണ്ണുകൾ

നിർജീവങ്ങൾ.മന്നിന്റെ നിലയ്ക്കാത്ത  പ്രഹരം സഹിയ്ക്കാൽ പുണ്ണുകൾ

പടർന്നിട്ടുണ്ടവന്നും കരൾക്കാമ്പിൽ.ഒട്ടേറെക്കാലം

മുമ്പിലച്ചെറുപഞ്ഞക്കുടിൽത്തൊട്ടിലിൽ കൈക്കുഞ്ഞായിപ്പിറന്ന കാലം

മുതൽ,

ലക്ഷ്യമെങ്ങറിയാതെ,മൃത്യുവിൻ ഭയാനകശിക്ഷയിൽബ്ഭയം പൂണ്ടു

കാൽക്ഷണം പതറാതെ,ജീവിതം കയറ്റിയോരുൽക്കടബ്ഭാരം

തിങ്ങുമാവണ്ടി വലിക്കയാണിസ്സാധു നാളിൽ നാളിൽ!

ഗ്രാമവീഥിയിൽ, നേരം വെളുക്കെ,ക്കുടം പേറി,ത്താമരക്കുളം

നോക്കിക്കന്യമാർ ഗമിക്കുമ്പോൾ,പുഞ്ചയ്ക്കു വെള്ളം തേവും കൃഷിക്കാർതൻ

ശുദ്ധമാം നെഞ്ചുകൾ സംഗീതമായ് ചുറ്റിലും ചുറ്റീടുമ്പോൾ, ഉച്ചയ്ക്കു

വഴിവക്കിൽപ്പേരാലിൻ ചുവട്ടിലായ് സ്വച്ഛനിദ്ര....



# പ്രിയ സഖികൾ


ഓർക്കുന്നുവോ നാം ആ രണ്ടുപിഞ്ചുപൈതങ്ങളെ
വഴിയരികിൽ കെട്ടിത്തൂക്കിയ കുഞ്ഞുങ്ങളെ
കാമ്പാലികന്മാർ അവരെ പിച്ചിചീന്തിയോ
പിന്നെയും അവരുടെ നിലവിളി ഓർക്കുന്നുവോ
കരളുറഞ്ഞോരു ദീർഘശിലപോലെ
മന്നിൽ നിറഞ്ഞു നിൽക്കുന്നുവോ അവർ
കലപില ശബ്ദങ്ങൾ ഉണർത്തുന്ന
പൈതങ്ങളുടെ കിളിനാദം........


# ഓണാഘോഷം






# ഡിജിറ്റൽ അത്തപൂക്കളം









# ലഹരി തകർത്ത ജീവിതം

ഒരു ഗ്രാമം. ആ ഗ്രാമത്തിൽ അതീവ സുന്ദരിയായ




ഒരു പെൺക്കുട്ടി ഉണ്ടായിരുന്നു. അവളുടെ പേര്

മീനാക്ഷി എന്നാണ്. അവൾ പത്താം ക്ലാസിൽ

പഠിക്കുകയാണ്. അവളുടെ വീട് ദാരിദ്ര്യത്തിലാണ്.

നല്ലതുപ്പോലെ പഠിക്കുന്ന ഒരു പെൺക്കുട്ടിയാണ് അവൾ

അവളുടെ അച്ഛൻ മദ്യപാനിയായിരുന്നു പണിക്കുപോയാൽ കിട്ടുന്ന പൈസകൊണ്ട് കള്ള് കുടിക്കും വീട്ടിൽ പൈസ ഒന്നും കൊടുക്കത്തില്ല .അവളുടെ അമ്മ പണിക്കു പോയാണ് ആ വീട് കഴിയുന്നതും അവളുടെ പഠിത്തം നടക്കുന്നത്. അവൾക്ക് ഒരു ചേട്ടൻ ഉണ്ട്. തെറ്റായ കൂട്ട് കെട്ടിൽ നടക്കുകയാണ്. എന്നും വീട്ടിൽ വന്ന് വഴക്കാണ്. ഒരു ദിവസം അവളുടെ ചേട്ടൻ വീട്ടിൽ വന്ന് അമ്മയോട് പൈസക്ക് വഴക്കിടുകയാണ്. അവസാനം ആ വഴക്ക് ഒരു മരണത്തിലേക്കെത്തിച്ചു. അവളുടെ ചേട്ടൻ തടി കഷ്ണം എടുത്ത് അടിച്ചു. അമ്മ ബോധം കെട്ടുവീണു. ബോധമില്ലാതിരുന്ന

മകൻ എന്തെന്ന് അറിയാതെ ഓടിക്കളഞ്ഞു. മീനാക്ഷി അവിടിരുന്ന് പഠിക്കുകയായിരുന്നു. അവൾ ശബ്ദം കേട്ട് ഓടി വന്നപ്പോൾ അമ്മയുടെ തലയിൽ നിന്ന് ചോര വന്നു കിടക്കുന്നു. അവളെ സഹായിക്കാൻ ആരും വന്നില്ല. അവളുടെ അച്ഛൻ അപകടത്തിൽ മരണപ്പെട്ടു.ചേട്ടനെ പോലീസുകാർ പിടിച്ചുക്കൊണ്ട് പോയി. അവൾ ഈ ലോകത്തിൽ ഒറ്റക്കായി അവളുടെ സ്വപ്നങ്ങൾ ഇല്ലാതെയായി. ഈ ലോകത്ത് ലഹരി കൊണ്ട് ഉണ്ടാകുന്ന സംഭവങ്ങൾ നിരവധിയാണ്. എത്രയോ കുട്ടികളുടെ സ്വപ്നങ്ങളാണ് തകരാറിലാകുന്നത്.

*അശ്വതി അജിത്ത്*

# എൻെറ ഭൂമി എനിക്കു തിരികെതരു

**എൻെറ ഭൂമി എനിക്കു തിരികെ തരു**

**ഇന്നിവിടെ മലിനമാകാത്ത ഭൂമി എവിടെയോ**

**മലിനമാകാത്ത നദികളിന്നെവിടയോ**

**വരും ജന്മങ്ങൾ ഇന്നി ഭൂമി നിലനിൽക്കുമോ**

**മലിനമാകാത്ത വായുവിന്നെവിടെ**

**രോഗമില്ലാത്ത മനുഷ്യരിന്നെവിടെ**

**വരുംകാലം ഭക്ഷ്യയോഗ്യമായ വിളകൾ ഇന്നെവിടെ**

**എന്തിന് നാം കിളികളുടെ വീടാകുന്ന വൃക്ഷങ്ങൾ നശിപ്പിക്കുന്നുവോ**

**എന്തിനു നമ്മുടെ അമ്മയാം ഭൂമിയെ നശിപ്പിക്കുന്നു**

**എൻെറ ഭൂമി എനിക്കു തിരികെതരുമോ**





# കാത്തിരിപ്പിൻെറ ദിനങ്ങൾ


**ഒരിടത്ത് ഒരു പെണ്ണ് കുട്ടി ഉണ്ടായിരുന്നു അവൾ അനാഥയാണ്. അവളുടെ അഛ്നമ്മമാർ അവളെ ഉപേക്ഷിച്ച പോയതാണ് അനാഥാലയത്തിലാണ് അവൾ വളരുന്നത്. ഒരു നോക്കു പോലും അവർക്ക് അവളെ കാണാൻ തോന്നിയിരുന്നല്ല . അവൾക്ക് അവരെ ഒരു നോക്ക് കാണാൻ കോതിയായിരുന്നു അവളുടെ മനസ്സ് വളരെ അധികം വിഷമം സഹിച്ചിരുന്നു . അവളുടെ ചെറു ചിരിയാൽ അവൾ എല്ലാവരെയും മയക്കിയിരുന്നു ഒരു മനുഷ്യരെ പോലും വിഷമിപ്പിച്ചിരുന്നില്ല അവളെ പിന്നെ അചഛനും അമ്മയും എന്തിനാണ് വിഷമപ്പിക്കുന്നത് ദൈവം അവരോട് ഒരിക്കലും ക്ഷമിക്കില്ല . അവൾ അവരെ എന്നും നോക്കിയിരിക്കുമായിരുന്നു. അങ്ങനെ ഒരു ദിവസം അവർ അവളെ തിരക്കി വന്നു ആ ദിവസം വളരെ അധികം നല്ല ദിവസം ആയിരുന്ന. അങ്ങനെ അവൾ വളരെ അധികം സന്തോഷവതിയായി.ദൈവം അവളുടെ പ്രാർത്ഥന കേട്ടു.......**


FOR
YOU

# മലയാള സാഹിത്യകാരന്മാരും യഥാർത്ഥ നാമങ്ങളും

1. ഇടശ്ശേരി - ഇടശ്ശേരി ഗോവിന്ദൻ നായർ
2. ഉറൂബ് - പി.സി. കുട്ടിക്കൃഷ്ണൻ
3.ഉള്ളൂർ – ഉള്ളൂർ.എസ്. പരമേശ്വരയ്യർ
4.വള്ളത്തോൾ – വള്ളത്തോൾ നാരയണമേനോൻ
5.ആശാൻ – കുമരനാശാൻ
6.അക്കിത്തം - അക്കിത്തം അച്യുതൻ നമ്പൂതിരി
7.പ്രേംജി - എം.പി.ഭട്ടതിരിപ്പാട്
8.ജി - ജി. ശങ്കരക്കുറുപ്പ്
9.വൈലോപ്പള്ളി- ശ്രീധരമേനോൻ
10.മധവിക്കുട്ടി - കമലാദാസ്
11.എം. ആർ. ബി - എം.ആർ.ഭട്ടതിരിപ്പാട്
12.എസ്.കെ - എസ്.കെ.പൊറ്റക്കട്
13.മീശാൻ – കെ.എസ്.കൃഷ്ണപിള്ള
14.ഒ.എൻ.വി - ഒ.എൻ.വേലുകുറുപ്പ്

# ലില്ലി



വളരെ കൊച്ചുപ്രായത്തിൽ തന്നെ അമ്മ നഷ്ടപ്പെട്ട കുട്ടിയാണ് ലില്ലി. അവളെ നോക്കുന്നത് അവളുടെ അമ്മയുടെ ചേച്ചിയാണ്.

അവൾക്കൊരു മുത്തച്ഛൻ ഉണ്ട്. എന്നാൽ അവൾ ചെറിയമ്മയുടെ കൂടെ നഗരത്തിലാണ് താമസം. മുത്തച്ഛൻ ഗ്രാമത്തിലാണ്. വളരെ മിടുക്കിയാണ് ലില്ലി. എല്ലാവരെ യും സ്നേഹിക്കാൻ അവക്ക് അറിയാമായിരുന്നു. ആർക്കും വാത്സല്യം തോന്നുന്ന മുഖം. പെട്ടെന്നാണ് അവളുടെ ചെറിയമ്മക്ക് വിദേശത്ത് ഒരു ജോലി

ലഭിച്ചു.അവിടെയ്ക്ക് ലില്ലിയെ കൊണ്ടു പോകാൻ പറ്റാത്ത സാഹചര്യമായതിനാൽ അവളെ  അവളുടെ മുത്തച്ഛൻെറ അടുക്കലേക്ക് കൊണ്ടുവിട്ടു.നഗരത്തിൽ നിന്ന് വന്ന അവൾക്ക് ഗ്രാമജീവിതത്തെയും ഒരുപാട് ഇഷ്ടമായി.എന്നാൽ അവളുടെ മുത്തച്ഛന് പെട്ടെന്നെന്നും അവളെ ഉൾക്കൊള്ളാനായി സാധിച്ചില്ല.

മുത്തച്ഛൻ ആട്ടിടയനായിരുന്നു.അവൾ മുത്തച്ഛൻെറ ആടുകളെ സ്നേഹിക്കുകയും പരിപാലിക്കുകയും ചെയ്തു.അവൾക്ക് അവിടെ ഒരു സുഹൃത്ത് ഉണ്ടായിരുന്നു. വാൻഗ. അവൻ ഒരു ആട്ടിടയനായിരുന്നു. അവനിൽ നിന്നും പലകാര്യങ്ങളും അവൾ പഠിച്ചു. വൈകാതെ അവൾ മുത്തച്ഛന്റെ പ്രിയപ്പെട്ടവളായി മാറി. മുത്തച്ഛന്റെയും ലില്ലിയുടെയും ആനന്ദകരമായ ജീവിതത്തിലേക്ക് വീണ്ടും ചെറിയമ്മകടന്നുവരുന്നു. കൊച്ചുഗ്രാമത്തിൽ നിന്നും അവളെ നഗരത്തിലേക്ക് കൊണ്ടുപോകാനാണ് അവരുടെവരവ്. എന്നാൽ  അവൾക്ക് ഗ്രാമജീവിതത്തൊടായിരുന്ന  ഇഷ്ട്ടം. അവൾക്ക് ഗ്രാമജീവിതത്തോടും മുത്തച്ഛനോടും വാൻഗയോടും ഉള്ള സ്നേഹം ചെറിയമ്മ മനസ്സിലാക്കുകയും ലില്ലി മുത്തച്ഛന്റെ കൈകളിൽ സുരക്ഷിതയണെന്നും ഉറപ്പുവരുത്തകയും ചെയ്തു. അവൾ ഗ്രാമത്തിൽ സന്തോഷവതിയായി ജീവിച്ചു.

# *My Grandmother's House*

***There is a house now far away where once***
***I received love.......That woman died,***
***The house withdrew into silence, snakes moved***
***Among books, I was then too young***
***To read, and my blood turned cold like the moon.***
***How often I think of going***
***There, to peer through blind eyes of windows or***
***Just listen to the frozen air,***
***Or in wild despair pick an armful of***
***Darkness to bring it here to lie***
***Behind my bedroom door like a brooding***
***Dog.....you cannot believe, darling***
***Can you, that I lived in such a house and***
***Was proud and loved.....I who have lost***
***My way and beg now at strangers' doors to,***
*Received love at least in small change?*

# A Prayer in Spring

Oh, give us pleasure in the flower to-day;
And give us not to thing so far away
As the uncertain harvest; keep us here
As simply in the springing of the year

Oh, give us pleasure in the orchard white,
Like nothing else by day like ghosts by night;
And make us happy in the happy bees,
The swarm dilating round the perfect trees.

And make us happy in the darting bird
That suddenly above the bees is heard,
The meteor that thrusts in with needle bill,
And off a blossom in mid air stands still.

For this is love and nothing else is love,
The which it is reserved for God above
To sanctify to what far ends He will,
*But which it only needs that we fulfil.*

# ON KILLING A TREE

IT takes much time to kill a tree,
Not a simple jab of the knife
Will do it. It has grown
Slowly consuming the earth,
Rising out of it, feeding
Upon its crust, absorbing
Year of sunlight, air, water,
And out of its leper's hide
Sprouting leaves

So hack and chop
But this alone wont do it.
Not so much pain will do it.
The bleeding bark will heal
And from close to the ground
Will rise curled green twigs,
Miniature boughs
Which if unchecked will expand again
To former size.

No,
The root is to be pullet out-

Out of the anchoring earth;
It is to be roped, tied,
And pullet out -snapped out
Or pullet out entirely,
Out from the earth -cave,
And the strength of the tree exposed,

The source, white and wet,
The most sensitive, hidden
For year inside the earth.
Then the matter
Of scorching and choking
In sun and air,
Browning, hardening,
Twisting, withering,
And then it is done.

## നിലവിളിയുടെ നിർവ്വചനങ്ങൾ

നോക്കൂ,
എനിക്കു തോന്നുന്നത്;

ആൾക്കൂട്ടത്തിൽ
കരയുന്നതിനേക്കാൾ
ആളുകൾക്കാഘോഷിക്കാവുന്ന
കാര്യം വേറൊന്നില്ല!
കരയുന്ന കണ്ണിനേക്കാൾ,
പുകയുന്നത് കാണുന്ന
തലച്ചോറുകളാണ്..

പെണ്ണല്ലേ, പിഴവെന്നും ചതിയെ-
ന്നുമായിരിക്കുമാദ്യത്തെയൂഹം!
പ്രണയിച്ചു പറ്റിച്ചെന്നോ,
ഒറ്റയിടങ്ങൾ മുതലെടുത്തുവെന്നോ,
വിശ്വസിച്ചു വഞ്ചിച്ചുവെന്നോ ചിന്തിക്കും..

മനോദു:ഖമെന്നതിന്റെ

സാധ്യതകൾ വിദൂരമാണ്,
ശരീരത്തെച്ചൊല്ലിയുള്ള
സകലാലോചനകൾക്കും ശേഷം,

കന്യാകാസംബന്ധിയായ
ചിന്തകൾക്കെല്ലാമപ്പുറം,
ഭർത്താവ്, ഭ്രഷ്ട് കല്പിച്ചെന്നോ,
വീട്ടുകാർ വേദനിപ്പിച്ചെന്നോ
വിചാരിച്ചേക്കാം..

ഗംഗ

# എന്റെ മണ്ണ്

## പൊന്നണിഞ്ഞ പാടം

കടന്നു പോകവേ,
മഞ്ഞുതുള്ളി പൊൻപുലരിയോട്
കിന്നാരമോതുന്നു.
സൂര്യ കിരണ ചാർത്താൽ
രത്ന ശോഭയാർന്ന
മഞ്ഞുതുള്ളി തിട്ടക്കം
കൂട്ടുന്നു പ്രണയമായ്
മണ്ണിലൂർന്നിറങ്ങാൻ.
കതിർക്കുല തലകുനിച്ചേറെയാദരവ്
കാട്ടുന്നു മണ്ണിനോട്,
തന്നെയീ വിണ്ണിലുയർത്തിയ
മണ്ണിനെ വണങ്ങുമെന്ന പോലെ.
കതിർക്കുല കൊത്തി പറക്കും
തത്തയ്ക്കുമുണ്ടാവാമേറെ പറയാൻ.
മഴയിലുയരും മണ്ണിൻ
ഗന്ധമുന്മാദമാക്കിടുമ്പോൾ,
കാട്ടാറിൻ കൊലുസിട്ടാനന്ദ-
നൃത്തമാടുന്നെന്റെ മണ്ണ്.

# ഓർമകൾ

ചില ഓർമ്മകൾക്കെന്തു സുഗന്ധം,
ചിലപ്പോളത് നമ്മെ കരയിക്കും,
ചിലപ്പോൾ ചിരിപ്പിക്കും.

പിന്നീട് പരസ്പരം ചിരിച്ചതും
സന്തോഷിച്ചതുമായ ദിവസങ്ങളെ
പങ്കു വെച്ച നിമിഷങ്ങളെയോർത്തു
വീണ്ടും വീണ്ടും കരയിക്കും..
ഒരിക്കൽക്കൂടിയാ നാളുകൾ തിരികെ
വന്നെങ്കിലെന്നു വെറുതെയെങ്കിലും മോഹിക്കും.

ചിലയോർമ്മകൾ കാലം മായ്ക്കും,
മറ്റു ചിലത് കാലത്തിനു പോലും
മായ്ക്കാനാവാതെ മരണംവരെ-
യൊ തീക്കനൽപോലെ
മനസിന്റെയടിത്തട്ടിൽ നീറി പുകയും..
ചിലരുടെയോർമ്മകളൊരിക്കലും

നമ്മുടെയോർമ്മകളിൽ നിന്നും

മറയുകയുമില്ല,

മറക്കാനനുവദിക്കുകയുമില്ല.

ചില നല്ലോർമ്മകൾ നാളത്തെ

ജീവിതത്തിലേക്കുള്ള പ്രതീക്ഷകളാണ്,

ചിലത് മനസിന്റെ താളം തെറ്റിച്ച്

എന്നുമിരുട്ടലേക്ക് തള്ളി വിടും.

“നല്ലോർമ്മകളൊരിക്കലും മരിക്കാതിരിക്കട്ടെ.”

സിന്ധു